TB Movie Panel Weekly Review

**#MoviePanel**

ദി പ്രീസ്റ്റ്

Written By: Arjun Anand

മലയാളസിനിമയെ സംബന്ധിച്ചിടത്തോളം അധികം നവീകരിക്കപ്പെടാത്ത ഒരു വിഭാഗം ആണ് ഹൊറർ ഴോണർ...നാളിതുവരെ തിരശീലയിൽ അവതരിച്ചിട്ടുള്ള യക്ഷികളും പ്രേതങ്ങളും മലയാളികൾക്ക് സമ്മാനിച്ചിട്ടുള്ളത് ക്ളീഷേകളുടെ ഒരു കൂമ്പാരം ആണ്, ചുരുക്കം ചില ചിത്രങ്ങളിൽ ഒഴികെ...വർഷങ്ങൾക്ക് മുൻപ് ബഷീറിന്റെ നീലവെളിച്ചത്തെ ആസ്പദമാക്കി സൃഷ്ടിക്കപ്പെട്ട ഭാർഗവീനിലയം അന്നത്തെ പ്രേക്ഷകന് പുതുമയുള്ള ഒരു അനുഭവം ആയിരുന്നു.. അതിനു ശേഷം ഉണ്ടായ, അത്തരം പ്രമേയങ്ങൾ കൈകാര്യം ചെയ്ത ചിത്രങ്ങളിൽ മലയാളികളെ ഏറ്റവും ആകർഷിക്കുകയും ഭയപ്പെടുത്തുകയും ചെയ്ത ഒന്നാണ് 1993ൽ പുറത്തിറങ്ങിയ മണിച്ചിത്രത്താഴ് എന്ന ചിത്രവും അതിലെ നാഗവല്ലി എന്ന കഥാപാത്രവും...പക്ഷെ അത് പൂർണമായും ഹൊറർ ഗണത്തിൽ പെടുത്താൻ കഴിയില്ല... പിന്നീട് 1999ൽ വിനയന്റെ സംവിധാനത്തിൽ ഇറങ്ങിയ ആകാശഗംഗയും മലയാളികളെ അല്പം ഒന്ന് ഭയപ്പെടുത്തുവാൻ പര്യാപ്തം ആയിരുന്നു... പക്ഷെ അതിനു ശേഷം പ്രേതചിത്രങ്ങൾ എന്ന ലേബൽ അടിച്ചു പുറത്തിറങ്ങിയ ചിത്രങ്ങൾ എല്ലാം ആവർത്തന വിരസത കൊണ്ടും സാങ്കേതികമായും പ്രമേയപരമായും നേരിട്ട നിലവാരമില്ലായ്മ കൊണ്ടും പ്രേക്ഷകനെ തൃപ്തിപ്പെടുത്തുന്നതിൽ വിജയിച്ചില്ല... ഒരുപക്ഷെ അതിനു ശേഷം ഒരു മാറ്റം കൊണ്ടുവന്നത് പ്രിഥ്വിരാജ് പ്രധാന കഥാപാത്രം ആയി എത്തിയ എസ്ര ആണെന്ന് പറയാം... ചിത്രം മികച്ച സാങ്കേതിക നിലവാരം പുലർത്തി എങ്കിലും അതിനോടകം ലോക സിനിമയുടെ കവാടം മലയാളികൾക്ക് മുൻപിൽ മലർക്കെ തുറക്കപ്പെട്ടിരുന്നതും അതിനാൽ തന്നെ വ്യത്യസ്തങ്ങളായ നിരവധി അനവധി സിനിമകൾ അവരുടെ വിരൽത്തുമ്പിൽ പ്രാപ്യം ആയിരുന്നത് കൊണ്ടും എസ്രയ്ക്കും മലയാളികളെ അത്ഭുതപ്പെടുത്താൻ കഴിഞ്ഞില്ല എന്ന് തന്നെ മനസിലാക്കാം..
അങ്ങനെ ലോകസിനിമകളിലൂടെ പലഭാഷയിൽ പലതരം പ്രേതങ്ങളെ കണ്ടു ശീലിച്ച പ്രേക്ഷകരുടെ മുൻപിലേക്ക് എത്തിയ ഏറ്റവും പുതിയ ചിത്രം ആണ് "ദി പ്രീസ്റ്റ് ".

കാർമെൻ ബെനഡിക്ട് എന്ന പള്ളീലച്ചനും ഒരു പോലീസ് ഉദ്യോഗസ്ഥനും ചേർന്ന് ഒരു കുടുംബത്തിലെ ആത്മഹത്യകൾക്കു പിന്നിലെ ദുരൂഹതയുടെ ചുരുൾ അഴിക്കാൻ ശ്രമിക്കുകയും അതിലൂടെ മറ്റൊരു ഗുരുതരമായ പ്രശ്നത്തിലേക്ക് എത്തിപ്പെടുകയും അയാൾക്ക് അത്

പരിഹരിക്കാൻ കഴിയുമോ എന്നും ഉള്ളതാണ് ചിത്രത്തിന്റെ ഇതിവൃത്തം..

വളരെ ചുരുങ്ങിയ ചിത്രങ്ങളിൽ ജിസ് ജോയിയുടെയും അഖിൽ പോളിന്റെയും ഒപ്പം സഹസംവിധായകൻ ആയി പ്രവർത്തിച്ചിട്ടുള്ള അനുഭവസമ്പത്ത് മാത്രം കൈമുതൽ ആയുള്ള ജോഫിൻ ടി ചാക്കോ ആണ് മമ്മൂട്ടി ടൈറ്റിൽ കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രത്തിന്റെ അമരക്കാരൻ... ഒരു തുടക്കക്കാരന്റെ യാതൊരുവിധ അങ്കലാപ്പും ഇല്ലാതെ ആണ് ജോഫിന്റെ തന്റെ ആദ്യ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് എന്ന് നിസംശയം പറയാം.. അത്ര വലുതല്ലാത്ത ബഡ്ജറ്റിൽ സാങ്കേതിക തികവോടു കൂടി ഈ ചിത്രം ഒരുക്കാൻ ജോഫിനു കഴിഞ്ഞിട്ടുണ്ട്..ഡോക്ടർ സ്ട്രെയ്ഞ്ചിൽ ഒക്കെ കണ്ടതുപോലെ ഒരു മനോഹര രംഗം ഉണ്ട് ചിത്രം ക്ലൈമാക്സിനോട് അടുക്കുമ്പോൾ...ആ ഒരൊറ്റ രംഗം മതി ഈ ചെറു ചിത്രത്തിന്റെ സാങ്കേതിക നിലവാരം എത്രത്തോളം ഉണ്ട് എന്ന് തിരിച്ചറിയാൻ..

തിരക്കഥയും സംഭാഷണങ്ങളും ഒരുക്കിയിരിക്കുന്നത് ഉണ്ണിമൂലം എന്ന ചെറുചിത്രത്തിന്റെയും കുഞ്ഞിരാമായണത്തിന്റെയും തിരക്കഥ രചിച്ച ദീപു പ്രദീപും,കോക്ടെയ്ൽ എന്ന ചിത്രത്തിന്റെ തിരക്കഥ എഴുതികൊണ്ട് മലയാള സിനിമയിലേക്ക് വന്ന ശ്യാം മേനോനും ചേർന്നാണ്...

രാഹുൽ രാജ് ആണ് സംഗീത വിഭാഗം കൈകാര്യം ചെയ്തിരിക്കുന്നത്.. ചിത്രത്തിന്റെ കഥാപരിസരത്തിനു യോജിച്ച പശ്ചാത്തല സംഗീതവും ഗാനങ്ങളും ഒരുക്കാൻ രാഹുൽ രാജിന് കഴിഞ്ഞിട്ടുണ്ട്.. എങ്കിലും പ്രധാന രംഗങ്ങളിലെ പശ്ചാത്തല സംഗീതം കഴിഞ്ഞ വർഷം പുറത്തിറങ്ങിയ ഫോറൻസിക് എന്ന ചിത്രത്തിന്റെ പശ്ചാത്തല സംഗീതവും ആയും, ഫോറെൻസിക്കിലെ സംഗീതം ഒരുക്കാൻ ജെയ്ക്സ് ബിജോയ്ക്ക് പ്രചോദനം ആയിരുന്നിരിക്കാം എന്ന് സംശയം തോന്നുന്ന, 2018 ൽ പുറത്തിറങ്ങിയ പാശ്ചാത്യ ആൽബം ആയ ഫ്രൈറ്റ്മേയറിലെ മെഫിസ്റ്റോസ് ലല്ലബിയുടെ ഈണവും, മാസ്റ്റേഴ്സ് ഓഫ് ഹൊറർ എന്ന അമേരിക്കൻ ടെലിവിഷൻ സീരിസിലെ നാലാമത്തെ എപ്പിസോഡ് ആയ "ജെന്നിഫറിലെ " സംഗീതവും ഒക്കെ പ്രേക്ഷകരുടെ മനസ്സിലേക്കെത്തും.. അതുകൊണ്ട് തന്നെ ആവർത്തനം അനുഭവപ്പെടുന്നുണ്ട്..

സാങ്കേതിക മികവ് അവകാശപ്പെടാൻ ആകുമ്പോഴും, ചില അവസരത്തിൽ ചില കഥാപാത്രങ്ങളുടെ നാടകീയ സംഭാഷങ്ങളും, സിനിമയിൽ വെളിപ്പെടുത്തുന്നതിനു നിമിഷങ്ങൾക്ക് മുൻപ് തന്നെ പ്രേക്ഷകന്റെ മനസ്സിൽ വെളിപ്പെടുന്ന തരം പ്രവചനീയമായ വഴിത്തിരിവുകളും രണ്ടാം പകുതിയിലെ മെല്ലെപ്പോക്കും മേൽ സൂചിപ്പിച്ചത് പോലെ നിരവധി അനവധി സിനിമകളിൽ കണ്ടു ശീലിച്ച ചില രംഗങ്ങൾ കൊണ്ടും അല്പം മടുപ്പ് ചിലർക്കെങ്കിലും

അനുഭവപ്പെട്ടേക്കാം...

ഫോറൻസിക് എന്ന ചിത്രത്തിന് വേണ്ടി ക്യാമറ ചലിപ്പിച്ച അഖിൽ ജോർജ്ന്റെ ഫ്രെയിമുകൾ ചിത്രത്തിന്റെ കഥാപരിസരവുമായി ചേർന്ന് നിൽക്കുന്നുണ്ടെങ്കിലും ചില രംഗങ്ങളിൽ വ്യക്തത ഇല്ലായ്മ അനുഭവപെടുന്നുണ്ട്..ഒരു പക്ഷെ തീയേറ്ററിലെ സ്ക്രീനിന്റെ മേന്മയില്ലായ്മ ഒരു കാരണമായിരിക്കാം..

അഭിനയിച്ചിരിക്കുന്നവർ ഒക്കെയും കഴിവും പരിചയസമ്പത്തും ഉള്ള നടീനടന്മാർ ആണ്... എല്ലാവരും അവരവർക്ക് ലഭിച്ച കഥാപാത്രങ്ങളോട് നീതി പുലർത്തിയിട്ടുണ്ട്.. മമ്മൂട്ടിക്ക് അഭിനയിച്ചു അനശ്വരം ആക്കാൻ തക്കവണ്ണം ഗംഭീരമായ ഒരു കഥാപാത്രസൃഷ്ടി അല്ല ഫാദർ ബെനഡിക്ട് എങ്കിലും, അദ്ദേഹം ഇതുവരെ അവതരിപ്പിച്ചിട്ടില്ലാത്ത ഒരു കഥാപാത്രമായി പ്രത്യക്ഷപെടുന്നതിലെ പുതുമ ചിത്രത്തിൽ ഉടനീളം അനുഭവപ്പെടുന്നുണ്ട്.. സുന്ദരിയായ ജെസ്സി ആയി എത്തിയ നിഖിലയും,അവളുടെ കാമുകൻ ആയി എത്തിയ വെങ്കിടേഷും, സൂസൻ എന്ന അതിഥി കഥാപാത്രം ആയി എത്തുന്ന മഞ്ജുവും ഒക്കെ തങ്ങളുടെ കഥാപാത്രങ്ങളോട് നീതി പുലർത്തിയപ്പോൾ തന്റെ മനോഹര പ്രകടനത്തിലൂടെ പ്രേക്ഷകന്റെ മനസിലേക്ക് കയറിപ്പറ്റുന്നത് ബേബി മോണിക്ക ആണ്.. തന്റെ മിന്നുന്ന പ്രകടനത്തിലൂടെ സിനിമയ്ക്ക് മൊത്തത്തിൽ താങ്ങാകുന്നുണ്ട് മോണിക്ക..

പ്രീസ്റ്റ് എന്ന ചിത്രത്തെ കുറിച്ച് പൊതുവെ കേൾക്കുന്ന വിമർശനങ്ങളിൽ ഒന്ന് കുട്ടികളെ വച്ചുള്ള അക്രമവും കുട്ടികൾക്ക് എതിരെ ഉള്ള അക്രമവും ഒക്കെ പ്രോത്സാഹിപ്പിക്കാൻ ചിത്രം ഒരു കാരണമായേക്കാം എന്നുള്ളതാണ്..പൊതുവെ സിനിമകളുടെ കാര്യത്തിൽ ഒരു പരിധി വരെ മേല്പറഞ്ഞ ആരോപണം ശരി ആയിരിക്കാം, കാരണം ഒരു സിനിമയിലെയോ സാഹിത്യ സൃഷ്ടിയിലെയോ നന്മയ്ക്കു പ്രേക്ഷകരെ സ്വാധീനിക്കുന്നത് പോലെ അവ മുൻപോട്ടു വയ്ക്കുന്ന മോശം കാര്യങ്ങളും പ്രേക്ഷകനെ സ്വാധീനിച്ചുകൂടായ്കയില്ല.. പക്ഷെ അതിന്റെ പേരിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് കലാകാരന്റെ സ്വാതന്ത്ര്യത്തിന്മേൽ ഉള്ള കടന്നുകയറ്റം ആണ്.. അത് അയാൾ ഒരുക്കുന്ന സൃഷ്ടിയിൽ കൃത്രിമത്വം കലർത്തി അതിന്റെ മാറ്റ് കുറയ്ക്കും..

ചുരുക്കി എഴുതിയാൽ ചില്ലറ പോരായ്മകൾക്ക് നേരെ കണ്ണടച്ചാൽ ഒരു വട്ടം കണ്ടു ആസ്വദിക്കാവുന്ന തരക്കേടില്ലാത്ത ചിത്രം ആണ് പ്രീസ്റ്റ്... നമ്മുക്ക് ഒരുപാട് നല്ല നിമിഷങ്ങളും ഓർമകളും തന്ന തീയേറ്ററുകളുടെ തിരിച്ചു വരവിനു, പുതുജീവന് കാരണമായ ഈ സിനിമയ്ക്ക് വേണ്ടി നമ്മുക്ക് ചെറിയ പോരായ്മകൾ കണ്ടില്ലെന്ന് വയ്ക്കാവുന്നതേ ഉള്ളൂ ..